CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## മാർ തോമ നസ്രാണി ഭവനങ്ങളിലെ

# പെസഹാചരണ കർമ്മക്രമം



www.christianmusicologicalsocietyofindia.com

www.christianmusicologicalsocietyofindia.com





"ഈശോ അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച്
ശിഷ്യൻമാർക്കു കൊടുത്തുകൊണ്ട് അരുളി
ച്ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ
ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത്
കൃതജ്ഞതാ സ്തോത്രം ചെയ്ത് അവർക്കു
കൊടുത്തുകൊണ്ടു പറഞ്ഞു: നിങ്ങളെല്ലാവരും
ഇതിൽനിന്നു പാനം ചെയ്യുവിൻ. ഇതു
പാപമോചനത്തിനായി അനേകർക്കുവേണ്ടി
ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ
രക്തമാണ്." - മത്തായി 26/26-28

(ബഹുമാനപ്പെട്ട പാത്തികുളങ്ങര വർഗ്ഗീസച്ചന്റെ
'ദൈവസ്തുതികൾ' എന്ന പുസ്തകത്തിൽ നിന്ന് തയാറാക്കിയത്)

Source:
www.nasrani.org

# Pesaha of Nasranis

For Nasranis, the observance of Pesaha is the feast of Eucharist and it falls during Sawma Ramba (Weeks of Great Fast) unlike the traditional date of Sacred Heart in the Latin rite [Pathikulangara, 2009]. It falls on the Maundy Thursday and coincided with the Passover Seder night of Jews. It is a public Holiday in Kerala state. There are no reliable records other than tradition to prove its antiquity, however the name Pesaha (originates from Syriac) itself and the characteristics of the associated rituals indicate its antiquity.

## Passion Week and Pesaha

The Weeks of Great Fast itself is the preparation towards Qyamtha – the Great Sunday of Resurrection. Passion Week (or the last week of Great fast) has the highest piety for Nasranis. Preparation for Pesaha starts on the Sunday of Oshana or Palm Sunday. Tender coconut leaves distributed on the Sunday of Oshana has great importance for the Pesaha celebration. On this week, the home and its surroundings (Adichu Thuda in Malayalam) are thoroughly cleaned. The eldest male member has a significant role in the Pesaha celebration. Still in some families the tradition of cleaning the surroundings are done by the head of the family, like in the olden days.

## Pesaha Meal

Depending on the region or family, new vessels are bought for making Pesaha meal, called Pesaha Appam and a sweet drink called Paal (milk in Malayalam). In some families or regions, dedicated vessels are used for making Pesaha meals only. In some regions the earthen pottery used for making Pesaha meal is destroyed after use. In some places like Kottayam, Pala, Changanassery etc. and Kuttanadu region, the appam is cooked using steam whereas in places such Thodupuzha and Kothamangalam or the high range areas, the bread is roasted on a hot plate instead of steaming.

Unlike the other traditional breads of Nasranis, Pesaha Appam is the only bread that is made using urid daal (a kind of lentils white in colour). The important aspect, like in the case of Jewish Passover, during its preparation is to avoid traces of any old food or fermentation. As described earlier, a new vessel or a dedicated vessel is used for cooking the meal. In addition, the batter prepared using rice flour, urid daal, garlic, local herbs and coconut is not allowed to ferment – that is, the first loaf of bread is made immediately after the batter is prepared. Over the first loaf of bread a miniature form of plain cross made using the tender coconut leaves (distributed on the Sunday of Oshana) is placed. The left over batter is also cooked, but without a miniature cross. The sweet drink (ingredients: Rice flour, coconut milk, jaggery – a type of unrefined sugar – and some local herbs) also is made so that any traces of fermentation is avoided. As in the case of Pesaha Appam, a miniature cross also is put into the vessel while cooking Pesaha drink. This thick brown-coloured drink might be comparable to the characteristics of Charoset of Jewish Passover Seder. Pesaha meal also includes some local fresh fruits and nuts.

## Pesaha Night

On the night of Pesaha, all family members gather together at home. If extended family members also live in the near vicinity, they gather at their ancestral home. The eldest male member or the head of the family cuts the Pesaha Appam. Some families cut the bread into 13 pieces, to remind the Last Supper of Isho M'shiha. The head of the family narrates the story of Pesaha to young family members or children during ceremony. Extracts from the book of Exodus about the Pesaha – the exodus of Israel from Egyptian slavery – are read. In some regions the reading of the last supper which was a Pesaha meal – is also read. Some families still follow the tradition of singing special hymns or songs on the night of Pesaha. The head of the family serves the food and no food other than Pesaha meal is consumed on the night of Pesaha.

If a death has occurred in the family, the Pesaha Appam is not made that year, but relatives or a neighbour makes two loaves of Pesaha Appam and gives the extra one for the grieving family. The first loaf of Pesaha Appam is never shared with non-Christians; however, the extra loaves are shared. Strictly speaking, the extra loaves are not necessarily unleavened as they are not cooked immediately after the batter is prepared. If there is any leftovers, it is either consumed on the Passion Friday by the children during the day or in the evening by the adults – since it is a traditional Fasting day of Nasranis. Any further leftovers are dried and consumed later, but never thrown away.

Source: Pesaha Celebration Of Nasranis: A Socio-cultural Analysis, www.nasrani.net

www.christianmusicologicalsocietyofindia.com

www.christianmusicologicalsocietyofindia.com

# ആമുഖം

മാർ തോമാ നസ്രാണികളുടെയിടയിൽ മാത്രം നിലവിലിരിക്കുന്ന പ്രത്യേക ആചരണമാണ് പെസഹാ വ്യാഴാഴ്ച രാത്രിയിലെ പെസഹാഭക്ഷണം. യഹൂദന്മാരുടെ പെസഹാഭക്ഷണത്തിന്റെയും വിശുദ്ധ ഖുർബാന സ്ഥാപനത്തിന്റെയും പശ്ചാത്തലത്തിൽ തദ്ദേശീയമായ അനുരൂപണത്തോടെ നടത്തപ്പെടുന്ന കുടുംബാചരണമാണ് പെസഹാ ഭക്ഷണം. ഒരു കാരണവശാലും ഈ ആചരണം ദൈവാലയങ്ങളിലേക്ക് മാറ്റരുതാത്തതാകുന്നു. മാർ തോമാ നസ്രാണികളുടെ ഉത്ഭവത്തിൽ യഹൂദരുമായുണ്ടായിരുന്ന ബന്ധം സൂചിപ്പിക്കുന്ന ഒരാചരണമായും ഇതു കണക്കാക്കാവുന്നതാണ്. പ്രത്യേകവിധം തയ്യാറാക്കുന്ന കുരിശപ്പവും പാലുമാണ് പെസഹാഭക്ഷണവിഭവങ്ങൾ. വിഭവങ്ങൾ തയാറാക്കുന്നതിന് കുടുംബനായിക നേതൃത്വം കൊടുക്കുമ്പോൾ, ഭക്ഷണസമയത്ത് നേതൃത്വം വഹിക്കുന്നത് കുടുംബനാഥനാണ്. തന്മൂലമാകാം, കുടുംബനാഥനോ നായികയോ മരിക്കുന്ന വർഷം കുരിശപ്പം ഉണ്ടാക്കുകയോ ആഘോഷമായി ഭക്ഷിക്കുകയോ ചെയ്യുന്നില്ല. സ്നേഹിതരോ ബന്ധുക്കളോ സംഭാവനയായി കൊണ്ടുവരുന്ന അപ്പവും പാലും അനാർഭാടമായി ഭക്ഷിക്കുക മാത്രം ചെയ്യുന്നു. ഓശാന ഞായറാഴ്ച വെഞ്ചരിച്ച കുരുത്തോലകൊണ്ടുള്ള കുരിശുവച്ചാണ് കുരിശപ്പം ഉണ്ടാക്കുക. പ്രത്യേകവിധം തയ്യാറാക്കുന്ന ഉഴുന്നുമാവും അരിപ്പൊടിയുമാണ് കുരിശപ്പത്തിനുപയോഗിക്കുക. തേങ്ങാപ്പാലും ശർക്കരയുമാണു പാലിനുപയോഗിക്കുന്ന പ്രധാനവിഭവങ്ങൾ. സ്ഥലസാഹചര്യങ്ങളനുസരിച്ചുള്ള പ്രത്യേക സുഗന്ധദ്രവ്യങ്ങളും ചിലപ്പോൾ വാഴപ്പഴവും കൂട്ടിച്ചേർക്കാറുണ്ട്.

യഹൂദന്മാരുടെ പെസഹാഭക്ഷണവും അതോടനുബന്ധിച്ച് ഈശോ വിശുദ്ധ ഖുർബാന സ്ഥാപിച്ചതും അനുസ്മരിപ്പിക്കുന്ന പ്രത്യേക പ്രാർത്ഥനകൾക്കുശേഷം കുടുംബനാഥൻ കുരിശപ്പം പതിമൂന്നു കഷണങ്ങളായി മുറിച്ച് ഓരോന്നും പാലിൽ മുക്കി ഓരോരുത്തർക്കും നൽകുന്നു. (കൂടുതൽ അംഗങ്ങൾ ഉള്ളപ്പോൾ, ഒന്നിൽകൂടുതൽ അപ്പങ്ങൾ മുറിക്കുന്നു.) മൂത്തവർ മുതൽ ആദരപൂർവം അതു വാങ്ങി, നിന്നുകൊണ്ടുതന്നെ ഭക്ഷിക്കുന്നു. അനന്തരം എല്ലാവരും ഇരുന്ന് അവശേഷിക്കുന്ന അപ്പവും പാലും ഭക്ഷിക്കുന്നു. കുരിശപ്പത്തിന്റെ കഷണങ്ങൾ നഷ്ടപ്പെടുത്തുകയോ മിശിഹാനുയായികളല്ലാത്തവർക്കു കൊടുക്കുകയോ ചെയ്യാറില്ല.

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അങ്ങനെ മറ്റുള്ളവർക്ക് സംഭാവന ചെയ്യുവാനുണ്ടെങ്കിൽ വേറെ തരത്തിലുള്ള അപ്പങ്ങൾ അതിനായി ക്രമീകരിക്കുന്നു. കുരിശപ്പവും പാലും മിച്ചംവന്നാൽ, പിറ്റേദിവസം കുടുംബാംഗങ്ങൾതന്നെ അതു ഭക്ഷിക്കുന്നു. അത് പീഡാനുഭവ വെള്ളിയാഴ്ചയുടെ ഉപവാസ ഭഞ്ജനമായി കണക്കാക്കാറുമില്ല.

പെസഹാ ഭക്ഷണാനന്തരം, ഈശോയുടെ ഗദ്സേമനിയിലെ പ്രാർത്ഥനയും രക്തം വിയർക്കലും പടയാളികൾ അവിടുത്തെ ബന്ധിച്ചതുമായ സംഭവങ്ങൾ അനുസ്മരിച്ചുകൊണ്ടും അതിനിടയാക്കിയ സ്വന്തം പാപങ്ങളിന്മേൽ അനുതപിച്ചുകൊണ്ടും രാത്രിമുഴുവൻ പ്രാർത്ഥനയിലും വിശുദ്ധഗ്രന്ഥ പാരായണത്തിലും സങ്കീർത്തനാലാപത്തിലും ചിലവഴിക്കുന്ന പതിവ് മാർ തോമാ നസ്രാണികളുടെയിടയിലുണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടിനുശേഷം മിഷനറിമാരുടെ സ്വാധീനത്തോടെ വിശുദ്ധ ഖുർബാനയുടെ ആരാധന നടപ്പിൽ വന്നതോടെ വീടുകളിലോ ദൈവാലയങ്ങളിലോ നടന്നിരുന്ന മുൻ സൂചിപ്പിച്ച ജാഗരണ പ്രാർത്ഥന ദൈവാലയങ്ങളിൽ മാത്രമായി ചുരുങ്ങി. ഏതാനും വർഷങ്ങൾക്കു മുമ്പ് രാത്രികാലങ്ങളിലെ ആരാധന നിറുത്തലാക്കിയതോടുകൂടി രാത്രിയിലെ ജാഗരണപ്രാർത്ഥനയും അവസാനിച്ച രീതിയിലാണിപ്പോൾ. കുടുംബങ്ങളിലും പള്ളികളിലും നിലവിലിരുന്ന ജാഗരണ പ്രാർത്ഥന പുനരുദ്ധരിക്കുക അവശ്യാവശ്യമാണ്. ദീർഘമായ യാമ പ്രാർത്ഥനയാണ് പ്രസ്തുത അവസരത്തിനായി ഉറവിടങ്ങൾ പ്രദാനം ചെയ്യുന്നത്.

**- പാത്തികുളങ്ങര വർഗ്ഗീസച്ചൻ CMI**

E-Mail: Varghese.pathikulangara@cmi.in
pathikulangarav@gmail.com
Website: www.pathikulangara.in

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

പ്രാർത്ഥനക്ക് ഉത്തരമരുളുകയും ചെയ്യണമേ. ബാവായും പുത്രനും റൂഹാദ്ഖുദ്ശായുമായ സർവ്വേശ്വരാ, എന്നേക്കും.

**എല്ലാവരും:** ആമ്മേൻ.

(ആമ്മേൻ ചൊല്ലുന്നതോടുകൂടി എല്ലാവരും അവരവരുടെ മേൽ സ്ലീവായുടെ അടയാളം വരയ്ക്കുന്നു. രാത്രി മുഴുവൻ അഥവാ കുറെ സമയമെങ്കിലും ദൈവാലയത്തിലോ വീടുകളിലോ ജാഗരണപ്രാർത്ഥനയിൽ ചെലവഴിക്കുക നമ്മുടെ വിശ്വാസത്തിന്റെ ഉത്തമമായ പ്രകാശനമാണ്. നേരത്തെ സൂചിപ്പിച്ചിരിക്കുന്നതുപോലെ **രാത്രിജപം** അടുത്തുള്ള ദൈവാലയത്തിൽ ആഘോഷമായി നടത്തുന്നുണ്ടെങ്കിൽ പറ്റുന്നവരെല്ലാം അതിൽ സംബന്ധിക്കുക; **അതിനു സൗകര്യപ്പെടാത്തവർ കുടുംബങ്ങളിൽതന്നെ രാത്രിജപം** നടത്തുക; എങ്ങനെയായാലും ഈ രാത്രിയിലെ ജാഗരണ പ്രാർത്ഥനയുടെ പ്രധാന ഘടകമായിരിക്കണം സഭയുടെ പ്രാർത്ഥനയായ പ്രസ്തുത **രാത്രിജപം**.)

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com